**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 530** **09-06-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസിൽ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. പ്രസ്തുത സോഫ്റ്റ് വെയറിനായി 12,19,987/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | സോഫ്റ്റ് വെയർ വികസനവുമായി ബന്ധപ്പെട്ട നടപടികൾ ഏത് വർഷമാണ് ആരംഭിച്ചതെന്നും എപ്പോൾ പ്രവർത്തനക്ഷമമാകുമെന്നും വ്യക്തമാക്കുമോ; | (ബി) | 2012-ൽ സോഫ്റ്റ് വെയർ വികസനവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ആരംഭിക്കുകയും 2015 -ൽ “V-Smart” (Vacant Seat Monitoring and Allotment by Recruitment Terms and rules) പ്രോഗ്രാം സോഫ്റ്റ് വെയർ വികസിപ്പിക്കുകയും ചെയ്തു. തുടർന്ന് വിവധ വകുപ്പുകളിലെ ജീവനക്കാർക്ക് പ്രസ്തുത സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം നൽകുകയുണ്ടായി. വകുപ്പുകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ പ്രസ്തുത സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്തു വരുന്നു. അധികവിവരം ശേഖരിച്ചുവരുന്നു. |
| (സി) | സർക്കാർ സർവ്വീസിലെ പട്ടിക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | എല്ലാ വകുപ്പുകളിൽ നിന്നുമുള്ള പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ടുകൾ പരിശോധിച്ച് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ